

Goodword

മൗലാനാ
വഹീദുദ്ദീൻ ഖാൻ

# ഇസ്‌ലാമിക പ്രവർത്തനം

വിവർത്തനം:
ഡോ. എൻ കെ മുസ്തഫ കമാൽ പാഷ

# ഇസ്‌ലാമിക പ്രവർത്തനം

**Maulana**
**Wahiduddin Khan's**

**Islamika pravarthanam** (Malayalam Translation)

**Islamic activism** (English Original)

**Translated by: Dr. N K Musthafa Kamal Pasha M A, Ph D**

**All rights reserved**

**Publishers: Goodword Books Kerala**
**S M Street,**
**Calicut-1**
**Phone: 8129538666**
**Email: Keralagoodword@gmail.com**
**Web: www.Keralagoodword.com**

**Type, Layout and Cover: Shily-93 88 704 101**

**Printed @:**

**First Published: November 2016**

**Copies: 1000**

**Price: Rs. 40**

മൗലാനാ

# വഹീദുദ്ദീൻ ഖാൻ

# ഇസ്‌ലാമിക പ്രവർത്തനം

വിവർത്തനം:

ഡോ. എൻ കെ മുസ്തഫാ കമാൽ പാഷ

**Goodword Books Kerala**

# പ്രസാധകക്കുറിപ്പ്

**ആ**ധുനിക മനസ്സിനെ അഭിമുഖീകരിക്കുന്ന ഭാഷയിലും ശൈലിയിലും ഇസ്‌ലാമിക അധ്യാപനങ്ങളെ അവതരിപ്പിക്കേണ്ട വർത്തമാന കാലഘട്ടത്തിന്റെ ദൗത്യമാണ് വിശ്വപ്രസിദ്ധ ഇസ്‌ലാമിക ചിന്തകനായ മൗലാനാ വഹീദുദ്ദീൻ ഖാൻ നിർവ്വഹിച്ചത്. പ്രവാചക ജീവിതം, ആത്മീയത, സമാധാനം എന്നിവയെ ആധാരമാക്കി ഇരുനൂറിലധികം കൃതികൾ മൗലാന രചിച്ചിട്ടുണ്ട്. അദ്ദേഹം സ്ഥാപിച്ച CPS International ഇസ്‌ലാമിനെ സമ്പൂർണ്ണ സമാധാന തത്വസംഹിതയായി ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുകയും സമാധാനം, ആത്മീയത എന്നിവയെക്കുറിച്ച് ഏതൊരു വ്യക്തിക്കും അവബോധം നല്കുകയും ചെയ്യുന്നു.

സ്രഷ്ടാവിൽ കേന്ദ്രീകൃത ജീവിതം നയിച്ചുകൊണ്ട് ആത്മീയതയിലൂടെ സ്വയം മാറുക; എങ്കിൽ, ലോകത്തെ പരിവർത്തിപ്പിക്കാൻ സാധിക്കുമെന്ന് അദ്ദേഹം നിരന്തരം ഉപദേശിക്കുന്നു. ആഗോള സമാധാനത്തിനും ഐക്യത്തിനും വേണ്ടി ആത്മീയതയുടെയും സമാധാനത്തിന്റെയും സന്ദേശം ലോകത്തിലെ ഓരോ ഭവനങ്ങളിലും എത്തിക്കണമെന്നാണ് മൗലാനയുടെ വീക്ഷണം. ആ ദൗത്യം ഏറ്റെടുത്തുകൊണ്ട് മൗലാനയുടെ മുഴുവൻ കൃതികളും മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യുകയാണ് ഞങ്ങൾ. ബഹുമത സംസ്കാരങ്ങളുടെ ഭൂമികയായ ഇന്ത്യയിൽ, “ഒന്നിനെ പിന്തുടരുക, മറ്റെല്ലാത്തിനെയും ബഹുമാനിക്കുക.” എന്ന പരസ്പര സഹവർത്തിത്വത്തിന്റെ സംസ്കാരം ഊട്ടിയുറപ്പിക്കുന്നതിന് ഞങ്ങളുടെ പ്രവർത്തനങ്ങൾ കാരണമാകട്ടെയെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

ഡയരക്ടർ
ഗുഡ് വേഡ് ബുക്സ് കേരള.

# മൗലാനാ വഹീദുദ്ദീൻ ഖാൻ

**1925** ആണ്ടിൽ ഉത്തരപ്രദേശിലെ അസംഗറിലായിരുന്നു മൗലാനാ വഹീദുദ്ദീൻ ഖാന്റെ ജനനം. അദ്ദേഹത്തിന്റെ നാലാം വയസ്സിൽ പിതാവ് ഫരീദുദ്ദീൻഖാൻ മരിച്ചു. മാതാവ് സൈബുന്നിസാ ഖാത്തൂന്റെ സംരക്ഷണത്തിലായിരുന്നു മൗലാന വളർന്നത്. വിദ്യാഭ്യാസത്തിനുള്ള സൗകര്യം നല്കിയിരുന്നത് അമ്മാവൻ സൂഫീ അബ്ദുൽ ഹമീദ് ഖാൻ ആയിരുന്നു.

മൗലാനയുടെ കുടുംബത്തിലെ മറ്റ് അംഗങ്ങൾ പാശ്ചാത്യ വിദ്യാഭ്യാസം തിരഞ്ഞെടുത്തപ്പോൾ 1938 ആണ്ടിൽ അസംഗറിലെ മദറസത്തുൽ ഇസ്‌ലാഹിയയിൽ പരമ്പരാഗത മത വിദ്യാഭ്യാസത്തിന് വേണ്ടി മൗലാന ചേർന്നു. 1944 ആണ്ടിൽ മത വിദ്യാഭ്യാസത്തിൽ ബിരുദവും കരസ്ഥമാക്കി.

ഇസ്‌ലാമിക പ്രമാണമായ വിശുദ്ധ ഖുർ,ആനിലെ "എല്ലാ പ്രയാസങ്ങളുടെയും കൂടെ സൗകര്യവുമുണ്ട്" എന്ന സൂക്തം ഇസ്‌ലാമിന്റെ കേന്ദ്ര തത്വമായിട്ട് താൻ കണ്ടെത്തിയെന്ന് മൗലാനാ പറഞ്ഞു. ഒന്നുകിൽ നമുക്ക് പ്രശ്നങ്ങളിൽ കേന്ദ്രീകൃതമാവാം. അല്ലെങ്കിൽ സൗകര്യങ്ങളിൽ കേന്ദ്രീകൃതമാവാം.

ആ ഖുർ,ആനിക സൂക്തത്തിന്റെ പരിപ്രേക്ഷ്യത്തിൽ അദ്ദേഹം ഒരു ജീവിത ഫോർമ്മുല മെനഞ്ഞെടുത്തു– 'പ്രശ്നങ്ങളെ അവഗണിക്കുക, സൗകര്യങ്ങളെ പ്രയോജനപ്പെടുത്തുക.' തന്റെ മുഴു ജീവിതവും ആ സൂക്തത്തിന്റെ സാക്ഷ്യ പത്രമാണെന്ന് അദ്ദേഹം പറയാറുണ്ട്.

മൗലാനയുടെ, പഠിക്കാനുള്ള ഉൽക്കടമായ ആഗ്രഹം കുട്ടി

ക്കാലത്ത് ആരംഭിച്ചു. ഇപ്പോഴും അനുസ്യൂതം തുടരുന്നു. അമ്മാവൻ കാരണമായിട്ടാണ് മദറസയിൽ ചേർന്നതെങ്കിലും ഗവേഷണം ആരംഭിച്ചത് മൗലാനയുടെ യൗവ്വന കാലത്തെ സമകാലികരുമായുള്ള സംഭാഷണം മുഖേനെയായിരുന്നു. അദ്ദേഹം പറഞ്ഞു: "ഞാൻ വിചാരിച്ചത് എന്റെ വിദ്യാഭ്യാസം പൂർണ്ണമായിട്ടുണ്ടെന്നായിരുന്നു. ഉയർന്ന വിദ്യാസമ്പന്നരായ വ്യക്തികളോട് ആശയ വിനിമയം നടത്തിയപ്പോൾ ഞാൻ അഗാധമായ തിരിച്ചറിവിന് പാത്രീഭൂതനായി. മത വിദ്യാഭ്യാസം പൂർത്തീകരിച്ചിട്ടും ഇസ്ലാമിന്റെ പ്രസക്തിയെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടി പറയാൻ ഞാൻ അശക്തനാണ്. ഉത്തരങ്ങൾ കണ്ടെത്താൻ വേണ്ടി വീണ്ടുമൊരു പുനർവ്വായന ആരംഭിച്ചു. കേവല പരിഭാഷകളിൽ നിന്നും അതിന്റെ വിശദീകരണങ്ങളിൽ നിന്നും അകന്ന് ഇസ്ലാമിന്റെ പ്രമാണിക പഠനങ്ങൾ അതിന്റെ തനത് ഭാഷയായ അറബിയിൽ നിന്ന് വായിക്കുകയും ശേഷം ഗഹനമായ വിചിന്തനത്തിനുവേണ്ടി ജീവിതത്തിന്റെ ഗണ്യമായ സമയം മാറ്റിവെക്കുകയും ചെയ്തു. അങ്ങനെ ഞാൻ ഇസ്ലാമിക വിശ്വാസത്തെ വീണ്ടും കണ്ടെത്തുകയായിരുന്നു.

എനിക്ക് ഇസ്ലാമിക വിശ്വാസം പരമ്പരാഗത സംസ്കാരത്തിന്റെ ഭാഗമായി ലഭിച്ചതായിരുന്നു. എന്നാൽ ഗാഢമായ പുനർപഠനത്തിന് ശേഷം പൂർണ്ണ അവബോധത്തോടെ തിരഞ്ഞെടുത്തതായിരുന്നു വിശ്വാസം. വീണ്ടും പുതുതായ് ജനിച്ച അനുഭവം പോലെ. ഇസ്ലാമിനെ അതിന്റെ യഥാർത്ഥ ഉറവിടത്തിൽ നിന്ന് കണ്ടെത്തിയതിന് ശേഷം ഞാൻ തിരിച്ചറിഞ്ഞത്, ഇസ്ലാം ആധുനിക യുഗത്തിൽ ഏറെ പ്രസക്തമാണെന്നാണ്."

മൗലാന സ്വപ്രയത്നങ്ങളാൽ ഇംഗ്ലീഷ് ഭാഷയിൽ അഗാധ പ്രാവീണ്യം നേടിക്കൊണ്ട് പാശ്ചാത്യ എഴുത്തുകാരുടെയും തത്വചിന്തകരുടെയും മഹത്തായ ഗ്രന്ഥങ്ങൾ ഗാഢമായ പഠനത്തിന് വിധേയമാക്കി. ആധുനിക മനുഷ്യ മനസ്സിനെ അഭിസംബോധന ചെയ്യുന്ന ഭാഷയിലും ശൈലിയിലും ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ അവതരിപ്പിക്കേണ്ട കാലഘട്ടത്തിന്റെ മഹത്തായ ദൗത്യത്തിലേക്ക് മൗലാനാ വഹീദുദ്ദീൻ ഖാൻ പിന്നീട് തന്റെ ജീവിതം സ്വയം സമർപ്പിക്കുകയായിരുന്നു. ആ ഗവേഷണത്തിന്റെ ഫലമായി മൗലാന ഇസ്ലാമിന്റെ പ്രാമാണിക ഗ്രന്ഥങ്ങളിലും ആധുനിക ശാസ്ത്ര വിജ്ഞാനത്തിലും അഗാധ പ്രാവീണ്യമുള്ള വ്യക്തിത്വമായി.

1955 ആണ്ടിൽ തന്റെ ആദ്യത്തെ ഗ്രന്ഥമായ ഇൽമ്മീ ജദീദ് കാ ചലജ് പ്രസിദ്ധീകരിച്ചു. ആ കൃതി ഇംഗ്ലീഷിൽ God Arises എന്ന പേരിൽ പ്രസിദ്ധീകരിപ്പെട്ടു. പിന്നീട് അറബിക്, മലായ, തുർക്കിഷ്, ഹിന്ദി, മലയാളം, സിന്ദി എന്നീ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ആധുനിക ചിന്തയിൽ ഇസ്‌ലാമിന്റെ സ്ഥാനം എന്നതിനുള്ള ആധികാരിക മാനദണ്ഡമായി ലോകം അതിനെ സ്വീകരിച്ചു. ആറ് അറബീ രാജ്യങ്ങളിലെ സർവ്വകലാശാലകളിലെ കരിക്കുലത്തിൽ ആ ഗ്രന്ഥം ഉൾപ്പെടുത്തിയിരിക്കുന്നു. മൗലാനയുടെ ഗവേഷണത്തിന്റെ പരമകാഷ്ഠയായിരുന്നു, അൽ ഇസ്‌ലാം എന്ന ഗ്രന്ഥം. ആധുനിക യുഗത്തിന് ഏറ്റവും അനുയോജ്യമായ തത്വ സംഹിതയായി ഇസ്‌ലാമിനെ അതിന്റെ പ്രാമാണിക ഉറവിടമായ ഖുർ'ആൻ, പ്രവാചക ചര്യ, ആതാറുസ്വഹാബ എന്നിവയിൽ നിന്ന് കണ്ടെത്തി ലേകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ ലഘു പുസ്തകമായ What is islam ലോകത്തിലെ പതിനാറ് ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

ആധുനിക ഇംഗ്ലീഷിൽ വിശുദ്ധ ഖുർ'ആന്റെ വിവർത്തനവും ഇരുന്നൂറിലേറെ ഗ്രന്ഥങ്ങളും രചിച്ച മൗലാനയുടെ സമാധാന പ്രവർത്തനങ്ങൾക്ക് നിരവധി ദേശീയ, അന്തർദ്ദേശീയ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. വിവധ രാഷ്ട്രങ്ങൾ തമ്മിലുള്ള ആണവ സംഘട്ടനങ്ങളുടെ ഭീഷണിയെ തടയിടാൻ അദ്ദേഹം നടത്തിയ കാംപെയ്ൻ ലോക സമാധാനത്തിന് ലഭിച്ച വലിയ നേട്ടമായിരുന്നു. 2002 ആണ്ടിൽ സ്വിട്സ്വർലന്റിലെ സഗ്ഗിൽ ലോക രാഷ്ട്രങ്ങളുടെ പ്രതിനിധികൾ പങ്കെടുത്ത പീസ് ഫോറത്തിൽ അണുവായുധ നിരായുധീകരണത്തിന് വേണ്ടി മൗലാന സമർപ്പിച്ച നിർദ്ദേശങ്ങൾക്ക് അന്താരാഷ്ട്ര അണുവായുധ നിരായുധീകണ സംഘടന Demiurges peace international award നല്കി ആദരിച്ചു. ആ അവാർഡ് മുൻ സോവിയറ്റ് യൂണിയൻ പ്രസിഡണ്ട് മിഖായേൽ ഗോർബ്ബച്ചേവിന്റെ രക്ഷാധികാരത്തിലുള്ളതായിരുന്നു. രാഷ്ട്രങ്ങൾ തമ്മിൽ സമാധാനാന്തരീക്ഷം നിലനിർത്താനുള്ള മൗലാനയുടെ അതുല്യമായ പ്രവർത്തന നേട്ടങ്ങൾക്കുള്ള അംഗീകാരമായിരുന്നു അത്. കൊറിയയിലെ സമാധാന സംഘടനയായ International federation for wold peace മൗലാനാ വഹീദുദ്ദീൻ ഖാന്, സമാധാനത്തിന്റെ അംബാസഡർ എന്ന് നാമധേയം നല്കുകയും ചെയ്തു.

ദുബായിയിലെ Forum for promoting peace in muslim societies 2015 ഏപ്രിൽ 30 തീയതി മൗലാനാ വഹീദുദ്ദീൻ ഖാന് ഇമാം അൽ ഹസൻ ഇബിനു അലി പീസ് അവാർഡ് നല്കി ആദരിച്ചു. ഫോറത്തിന്റെ ചെയർമ്മാനായ ശൈഖ് അബ്ദുല്ലാ ബിൻ ബയ്യ പറഞ്ഞു: "90 വയസ്സുള്ള മൗലാനാ വഹീദുദ്ദീൻ ഖാൻ സ്വാഹിബ് കഴിഞ്ഞ 70 വർഷങ്ങളായി ലോക സമാധാനത്തിനും സഹിഷ്ണുതക്കും വേണ്ടി അക്ഷീണമായ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു."

ജോർദ്ദാനിലെ റോയൽ ഇസ്ലാമിക് സ്ട്രാറ്റജിക് സ്ടഡീ സെന്റർ മൗലാനയെ ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ 25 മുസ്ലീം ചിന്തകരിൽ ഉൾപ്പെടുത്തയിരിക്കുന്നു.

2015 സപ്തംബറിൽ അമേരിക്കയിലെ ഇസ്ലാമിക് സൊസൈറ്റി ഓഫ് നോർത്ത് അമേരിക്ക(ISNA) മൗലാനക്ക് Life time acheevment അവാർഡ് നല്കി ആദരിച്ചു. ISNA യുടെ പ്രസിഡണ്ട് ഡോക്ടർ സയ്യിദ് സ,ഈദ് മൗലാനയുടെ പുതിയ രണ്ട് കൃതികളായ The age of peace, Quranic wisdom എന്നിവ പ്രകാശനം ചെയ്തു.

മൗലനക്ക് നല്കപ്പെട്ട അവാർഡുകളിൽ ചിലതാണ് പത്മഭൂഷൺ, നാഷണൽ ഇന്റഗ്രേഷൻ അവാർഡ്, കമ്യൂണൽ ഹാർമ്മണി അവാർഡ്, ദി വാലിബൻ മോഹൻല്ലാൽ മെഹ്ത അവാർഡ്, നാഷണൽ അമിറ്റി അവാർഡ്, അരുണ അസഫ് അലി സദ്ഭവനാ അവാർഡ്, ദില്ലി ഗൗരവ് അവാർഡ്, ഉറുദു അക്കാദമി അവാർഡ്, മദർ തെരേസ നല്കിയ നാഷണൽ സിറ്റിസൺ അവാർഡ് എന്നിവ.

സമാധാനത്തിന്റെ പ്രചാരണത്തിനുവേണ്ടി 2001 ആണ്ടിൽ മൗലാന Centre for peace and spirituality international(CPSI) രൂപീകരിച്ചു. ഡൽഹിയിലെ തന്റെ സെന്ററിലെ ലൈവ് സെഷനിലൂടെയും വിവിധ സംപ്രേക്ഷണങ്ങളിലൂടെയും ലോക സമാധാനത്തിന്റെ സന്ദേശം കഴിഞ്ഞ ഏഴ് ദശകങ്ങളായ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. സംഘടന ലക്ഷ്യമാക്കുന്നത് ആത്മീയതയിലൂന്നിയ സമാധാനത്തിന്റെ സംസ്കാരമാണ്. സെന്റർ വളരെ സജീവമായി പരസ്പര സംഭാഷണങ്ങളിലുടെ ദേശീയ, അന്തർദ്ദേശീയ അഖണ്ഡതക്കുവേണ്ടി യത്നിച്ചുകൊണ്ടിരിക്കുന്നു.

മൗലാന ദർശ്ശിക്കുന്നത് സമാധാനത്തിന്റെ ലോകത്തെയാണ്.

ധനാത്മക(പോസറ്റീവ്) മനോഭാവമുള്ള ഒരുപറ്റം വ്യക്തികൾക്ക് സമാധാന സംസ്കാരമുള്ള സമൂഹത്തെ സൃഷ്ടിക്കാൻ സാധിക്കു മെന്നുള്ളത് മൗലാനയുടെ ഉൽക്കടമായ വിശ്വാസമാണ്. "ഇത്തരം അവസ്ഥ സംജാതമാകണമെങ്കിൽ മനുഷ്യ മനസ്സിനെ പോസറ്റീവ് ചിന്തയിലേക്ക് വികസിപ്പിക്കണം. അതിനുവേണ്ടി നാം മനസ്സിനെ പുനർ നിർമ്മാണത്തിനും പുനർ വ്യവസ്ഥിതിക്കും വിധേയമാക്ക ണം." — മൗലാന പറഞ്ഞു.

വിശ്വ പ്രസിദ്ധ സമാധാന പ്രവർത്തകരായ ഗാന്ധിജി, നൽസ്സൺ മണ്ടേല, ദലൈലാമ തുടങ്ങിയവരെപ്പോലെ മൗലാനാ വഹീദുദ്ദീൻ ഖാൻ ഉന്നത ജ്ഞാനം കൊണ്ടും കാര്യ ഗ്രഹണ ശക്തി കൊണ്ടും ആത്മീയതയെയും സമാധാനത്തെയും സംബന്ധിച്ച് ടൈംസ് ഓഫ് ഇന്ത്യയുടെ സ്പീക്കിങ് ട്രീ പംക്തിയിൽ വർഷങ്ങ ളായി എഴുതിക്കൊണ്ടിരിക്കുന്നു.

ഇസ്ലാം സമാധാനത്തിന്റെ മതമാണെന്ന് എഴുപതുവർഷ ങ്ങളായിട്ട് മൗലാന എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും സ്ഥാപിച്ചു. ആധുനിക മനസ്സിനെ അഭിമുഖീകരിക്കുന്ന ശൈലി യിലും ഭാഷയിലും ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ സമ്പൂർണ്ണമായി അവതരിപ്പിച്ചു. കാലഘട്ടത്തിന്റെ മഹാ ദൗത്യം അതിലൂടെ മൗലാന നിർവ്വഹിക്കുകയായിരുന്നു.

# അധ്യായങ്ങൾ

1. ഇസ്‌ലാമിക പ്രവർത്തനം ........ 11

2. ക്ഷമക്ക് പരിധിയില്ലാത്ത പ്രസക്തി ........ 17

3. സംരക്ഷണം, നവീകരണം, ദ,അവത്ത് ........ 22

4. ഹദീസ് പണ്ഡിതരുടെ സമർപ്പണം ........ 24

5. മത സ്ഥാപനങ്ങൾ ........ 26

6. നവീനത ........ 27

7. ശരീ,അത്തിന്റെ പുനരവലോകനം ........ 29

8. ദ,അവത്ത് ........ 31

# ഇസ്ലാമിക പ്രവർത്തനം

പ്രവാചകനെ അഭിസംബോധന ചെയ്തുകൊണ്ട് ഖുർ,ആൻ നിർദ്ദേശിക്കുന്നു: "അതിനാൽ, ദൃഢ മാനസരായ ദൂതന്മാർ ക്ഷമിച്ചപോലെ താങ്കളും ക്ഷമിക്കുക. അവരുടെ കാര്യത്തിൽ താങ്കൾ ധൃതികൂട്ടരുത്." (46: 35).

അതായത്, പ്രതികൂല സാഹചര്യങ്ങളിൽ നിയന്ത്രണം പാലിക്കുകയും നിഷേധാത്മകമായ പ്രതികരണങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നതിലൂടെയാണ് ഇസ്ലാമിക പ്രവർത്തനത്തിന്റെ അടിസ്ഥാന നിയമങ്ങൾ രൂപപ്പെടുന്നതെന്നാണ് അത് വ്യക്തമാക്കുന്നത്. അനിഷ്ടകരമായ സാഹചര്യങ്ങളിൽ വൈകാരികമായി ഒരിക്കലും പ്രവർത്തിക്കാൻ പാടില്ല എന്നാണതിന് അർത്ഥമാക്കുന്നത്. കൂടാതെ, പ്രതിപ്രവർത്തനത്തിന്റെയും തിരിച്ചടിക്കുന്നതിന്റെയും പാത ഒഴിവാക്കി യാഥാർഥ്യ ബോധത്തെ അടിസ്ഥാനമാക്കിയാണ് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്.

ചുരുക്കത്തിൽ അതിനെ നമുക്ക്, അനുകൂല കർമ്മോത്സുകത എന്നുപറയാം. അതായത്, കാര്യങ്ങൾ നിലകൊള്ളുന്ന രീതിയിൽ ഇടപെടാതെ അവസരങ്ങൾ സംഭവിക്കുമ്പോഴും ലഭിക്കുമ്പോഴും അവ ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയാണ് വേണ്ടത്. നിലവിലെ സ്ഥിതിയെ വെല്ലുവിളിച്ച് ഒരാൾ ഒരു പുതു കാര്യം ചെയ്യുകയെന്നത് നിഷേധാത്മകമായ ഒരു തുടക്ക ബിന്ദു സ്വീകരിക്കുന്നതിന് തുല്യമാണ്. അതേ സമയം നിലവിലെ സ്ഥിതി മാറ്റമില്ലാതെ തുട

രുകയും ലഭ്യമായ എല്ലാ അവസരങ്ങളും വേണ്ട വിധം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുവെങ്കിൽ അതൊരു അനുകൂലാത്മക നടപടി കൈകൊള്ളുന്നതിന് സമമാണ്. അതിനെ, അനുകൂലാത്മക നിലവിലെ സ്ഥിതി തുടരൽ വാദം എന്നുപറയാം. കാരണം, ആ വെളിച്ചത്തിൽ പ്രവാചക ചരിത്രത്തിൽ നിന്ന് പൂർണ്ണമായ ഒരു കർമ്മ പദ്ധതിതന്നെ വരച്ചെടുക്കാൻ കഴിയും.

### 1. മത കാര്യങ്ങളിൽ നിലവിലെ അനുകൂല നില തുടരൽ

ക്രിസ്താബ്ദം 610 ആണ്ടിൽ മക്കയിൽ നിന്നാണ് നബി(സ)ക്ക് തന്റെ പ്രവാചകത്വത്തിന്റെ ആദ്യ വെളിപാട് കിട്ടിയത്. വിവിധ അറേബ്യൻ ഗോത്രക്കാരുടെ 360 എണ്ണത്തിൽപ്പരം വിഗ്രഹങ്ങൾ വെച്ച ക,അബ അടക്കമുള്ള ആ പ്രദേശം വിഗ്രഹാരാധകരുടെ പിടിയിലായിരുന്നു. അതുകാരണം, ആ ഗോത്രങ്ങളുടെയെല്ലാം മതപരമായ കേന്ദ്രമായി ക,അബ മാറിയിരുന്നു. അക്ഷരാർത്ഥത്തിൽത്തന്നെ ഏകദൈവത്വം ഉയർത്തിപ്പിടിച്ച പ്രവാചകന്റെ വിശ്വാസങ്ങൾക്കെതിരായിരുന്നു ക,അബയിലെ ആ വിഗ്രഹ സാന്നിധ്യം. നിലവിലെ ആ അവസ്ഥക്ക് ശല്യമുണ്ടാക്കുന്നതിനുപകരം മക്കയിൽ ലഭ്യമായ എല്ലാ അവസരങ്ങളും പ്രവാചകൻ ഉപയോഗപ്പെടുത്തിയത് ദൈവ വചനങ്ങൾ വ്യാപിപ്പിക്കാനായിരുന്നു വിഗ്രഹങ്ങൾ ഇരിക്കെത്തന്നെ.

അക്കാലത്ത് മക്കാ നിവാസികളുടെ സമ്മേളന നഗരിയായിരുന്നു ക,അബ. അതിനാൽ, ദിവസവും അവിടെ വിവിധ സമ്മേളനങ്ങൾ നടക്കുമായിരുന്നു. ആ സമ്മേളനങ്ങളെ പ്രവാചകൻ തന്റെ പ്രബോധനത്തിന് പ്രയോജനപ്പെടുത്തിത്തുടങ്ങി. ക,അബ സന്ദർശ്ശിക്കുമ്പോൾ പ്രവാചകൻ വിഗ്രഹ കാര്യത്തിൽ ഇടപെടുന്നതിനുപകരം ജന സമീപം പോയി അവരെ ഖുർ,ആനിക വചനങ്ങൾ ഓതിക്കേൾപ്പിച്ചു. ബിംബങ്ങളെ ഒഴിവാക്കി പ്രബോധനാവസരങ്ങൾ പ്രയോജനപ്പെടുത്തിയ പ്രവാചകന്റെ നടപടി ബുദ്ധിപരമായിരുന്നു. നിരവധി ആളുകൾ ഖുർ,ആനിന്റെ അഗാധ സ്വാധീനത്താൽ ഇസ്ലാം സ്വീകരിച്ചു. അത് മക്കയിലെ സമാധാനാന്തരീക്ഷത്തിന് വിഘ്നം സൃഷ്ടിക്കാതെയായിരുന്നു. അത് പ്രവാചകന്റെ പ്രബോധന പ്രവർത്തനങ്ങൾക്ക് ഉത്തേജനം നല്കി.

## 2. നിലവിലെ അനുകൂല സ്ഥിതി നിലനിർത്തൽ സാമൂഹിക കാര്യങ്ങളിൽ

മക്കയിൽ, ദാറുന്നദുവ എന്നുപേരുള്ള ഒരു പൊതു വേദി ഉണ്ടായിരുന്നു. അത് അവിടത്തെ രാഷ്ട്രീയ കേന്ദ്രമായി വർത്തിച്ചു. ബിംബാരാധകരാണ് അത് കൈയടക്കി നിയന്ത്രിച്ചിരുന്നത്. പ്രവാചകനോടുള്ള അവരുടെ എതിർപ്പ് ശക്തമായപ്പോൾ ശത്രുക്കൾ അദ്ദേഹത്തെയും കുടുംബത്തെയും അനുയായികളെയും ബഹിഷ്കരിക്കാൻ അവിടെ ചേർന്ന ഒരു രഹസ്യ യോഗത്തിൽ തീരുമാനിച്ചു. ആ ബഹിഷ്കരണം പരാജയമായപ്പോൾ അദ്ദേഹത്തിന്റെ എതിരാളികൾ അതേ ദാറുന്നദുവയിൽ നിന്നുതന്നെ അദ്ദേഹത്തിനെതിരെ മരണ വാറണ്ട് പുറപ്പെടുവിച്ചു.

പ്രവാചകൻ(സ) അതറിഞ്ഞപ്പോൾ വളരെ പ്രയാസത്തിലായിട്ടുപോലും അവർക്കെതിരെ ദാറുന്നദുവയിലേക്ക് തന്റെ അനുയായികളെ കൂട്ടി പ്രകടനം നടത്താനോ മരണ വാറണ്ട് പുനഃപരിശോധിക്കുന്നതിനുവേണ്ടി ശ്രമിക്കാനോ തയ്യാറായില്ല. പകരം പ്രവാചകൻ മക്കയിൽ നിന്ന് 300 കിലോമീറ്റർ അകലെയുള്ള മദീനയിലേക്ക് ശാന്തമായി പലായനം ചെയ്യുകയാണുണ്ടായത്. മദീനയിലെത്തിയ ശേഷവും പ്രവാചകൻ അവർക്കെതിരെ എതിർ നീക്കത്തിന് ശ്രമിക്കുന്നതിനുപകരം തന്റെ സമയമത്രയും ഇസ്‌ലാമിക പ്രബോധനത്തിനായി വിനിയോഗിക്കുകയാണ് ചെയ്തത്. അതും നിലവിലെ അനുകൂലാത്മക നില തുടർന്നുകൊണ്ടുള്ള കർമ്മോത്സുകതക്ക് ഉദാഹരണമാണ്. അത്തരത്തിൽ പ്രവാചകൻ ആ സാഹചര്യത്തോട് മല്ലിടുന്നതിനുപകരം വിശാലമായ മറ്റൊരു കർമ്മതലം കാണുകയും അതിൽ തുടരുകയും ചെയ്തു.

## 3. നിലവിലെ അനുകൂല സ്ഥിതി നിലനിർത്തൽ രാഷ്ട്രീയ കാര്യങ്ങളിൽ

പ്രവാചകൻ തന്റെ പ്രവാചകത്വത്തിന്റെ 13 ആണ്ടിൽ മദീനയിലേക്ക് കുടിയേറിപ്പാർത്തപ്പോൾ അവിടത്തെ സമൂഹം ജൂതർ, ബിംബാരാധകർ, മുസ്‌ലീങ്ങൾ എന്നിവർ ചേർന്നതായിരുന്നു. നിലവിലെ സാഹചര്യം അംഗീകരിച്ച് ബഹുത്വത്തിലധിഷ്ഠിതമായ ഒരു സാമൂഹിക ക്രമമാണ് പ്രവാചകൻ അവിടെ സ്ഥാപിച്ചത്. മദീനയുടെ പദവി അതിൽ നഗര രാഷ്ട്രത്തിന്റേതായിരുന്നു. പ്രവാ

ചകൻ അതിന്റെ തലവനും. അതോടെ മറ്റ് സാമൂഹിക വിഭാഗ ങ്ങൾക്ക് തങ്ങളുടെ ഇഷ്ടപ്രകാരം ജീവിക്കാനുള്ള അവകാശം നല്കുകയും ചെയ്തു. അവരുടെ പ്രശ്നങ്ങൾ അവരുടെതന്നെ മതവും സംസ്കാരവുമനുസരിച്ചാണ് പ്രവാചകൻ പരിഹരിച്ചത്.

നിലവിലെ സ്ഥിതി അനുകൂലാത്മകമായി തുടരുന്നതിന് മറ്റൊരു ഉദാഹരണമാണത്. അതായത്, പ്രവാചകൻ അവിടെയുള്ള സാഹചര്യം മനസ്സിലാക്കി മത പ്രബോധനം തുടങ്ങുകയാണ് ചെയ്തത്. അതിന്റെ ഫലം അത്ഭുതാവഹമായിരുന്നു. തുടക്ക ത്തിലേ ബഹുസംസ്കൃതിയുള്ള സമൂഹം അതിന്റെ രണ്ടാം ഘട്ട ത്തിൽ ഏക സംസ്കാര വാഹകരായി രൂപാന്തരപ്പെട്ടു.

**4. മാനാഭിമാന കാര്യങ്ങളിൽ നിലവിലെ സ്ഥിതി അനു കൂലാത്മകമായി തുടരൽ**

തന്റെ ജന്മനാട്ടിൽ നിന്ന് പലായനം ചെയ്തിട്ടും നബി(സ) യുടെ മക്കയിലെ ശത്രുക്കൾ തങ്ങളുടെ ശത്രുതയുടെ കാഠിന്യം കാരണം അദ്ദേഹത്തിനെതിരെ സായുധാക്രമണത്തിന് പദ്ധതിയി ട്ടു. ചെറിയ അനിഷ്ട സംഭവങ്ങൾക്ക് പുറമെ പ്രധാനമായും ബദർ, ഉഹദ് എന്നീ രണ്ട് യുദ്ധങ്ങൾ തന്മൂലം സംഭവിച്ചു. ആ യുദ്ധങ്ങൾ മത പ്രബോധനത്തിനാവശ്യമായ സമാധാനാന്തരീക്ഷത്തിന് ഹാനി കരമായി. അങ്ങനെ പ്രവാചകൻ മക്കക്കാരുടെ മുഴുവൻ ആവശ്യ ങ്ങളും അംഗീകരിച്ച്, നിലവിലെ അനുകൂല സ്ഥിതി നിലനിർത്തിച്ച്, ഹുദൈബിയാ സന്ധി എന്ന പേരിൽ അറിയപ്പെടുന്ന കരാറിൽ ഒപ്പു വെച്ചു. 10 വർഷക്കാലം പരസ്പരം യുദ്ധം ചെയ്യാൻ പാടില്ല എന്നാണ് ആ കരാർ പറയുന്നത്. അതും പൂർവ്വ കാല സ്ഥിതി അനുകൂലാത്മകമായി തുടരുന്നതിന് ഉദാഹരണമാണ്.

ആ കരാറനുസരിച്ച് പ്രവാചകൻ മക്കക്കാരുടെ എല്ലാ നിബ ന്ധനകളും അംഗീകരിച്ചു. അവരുടെ നിലപാടിന് താണുകൊടു ത്തതിനാൽ ആ അവസ്ഥ നല്കിയ എല്ലാ അവസരങ്ങളും ഉപ യോഗിച്ച് പ്രവാചകന് പ്രബോധന പ്രവർത്തനങ്ങൾ നടത്താനാ വുകയും ചെയ്തു. ഖുർ,ആൻ “വ്യകതമായ വിജയ”മെന്ന് വിശേ ഷിപ്പിച്ച ഫലമാണ് അത് സംജാതമാക്കിയത്. (48: 24)

## 5. പൂര്‍വ്വ സ്ഥിതി പില്‍ക്കാല കാര്യങ്ങളില്‍ അനുകൂലാത്മകമായി തുടരല്‍

പ്രവാചകന്‍ തന്റെ ജീവിതത്തിലെ സുപ്രധാന ഭാഗത്തിലുടനീളം ദൈവദൂതനും അതോടൊപ്പം രാഷ്ട്ര നായകനുമായിരുന്നു. അദ്ദേഹത്തിന്റെ വിയോഗ ശേഷം ആരാണ് ആ സ്ഥാനം തെരഞ്ഞെടുക്കുക എന്ന ചോദ്യമുയര്‍ന്നു. അതിന് പരിഹാരമായി പ്രവാചകന്‍ നേരത്തെതന്നെ, രാജ്യാധിപനെ ഖുറൈശികളില്‍ നിന്ന് തെരഞ്ഞെടുക്കണമെന്ന് നിര്‍ദ്ദേശിച്ചിരുന്നു.

പ്രത്യക്ഷത്തില്‍ അത്, സര്‍വ്വ മനുഷ്യരും തുല്യരാണെന്ന ഇസ്‌ലാമിക അധ്യാപനത്തിന് എതിരാണെന്ന് തോന്നും. കാരണം, ഇസ്‌ലാമിക ശിക്ഷണ പ്രകാരം ഒരാള്‍ക്കും മറ്റൊരാളെക്കാള്‍ കൂടുതല്‍ പ്രാധാന്യമില്ല. അങ്ങനെ നോക്കുമ്പോള്‍ രാജ്യത്തിന്റെ അധികാരി ഖുറൈശികളില്‍ പെട്ട ആളാവണമെന്ന് നിര്‍ദ്ദേശിക്കപ്പെട്ടത് വിവേചനമായി തോന്നാം. എന്നാലത് വിവേചനപരമെന്നതിനെക്കാളുപരി യാഥാര്‍ഥ്യ ബോധത്തോടെയുള്ളതായിരുന്നു. അതും അനുകൂലാത്മക പൂര്‍വ്വ സ്ഥിതി തുടരുന്നതിന് തെളിവാണ്.

യഥാര്‍ത്ഥത്തില്‍ നൂറ്റാണ്ടുകളുടെ പഴക്കമുള്ള പൗരാണിക പാരമ്പര്യപ്രകാരം അറേബ്യയില്‍ ഖുറൈശികള്‍ നേതൃ പദവി നേടിയിരുന്നു. അതില്‍ നിന്ന് പെട്ടെന്നുള്ള മാറ്റം അപ്രതിരോധ്യമായ പ്രത്യാഘാതങ്ങള്‍ സൃഷ്ടിക്കുമായിരുന്നു. അതുകാരണമാണ് പ്രവാചകന്‍ മുസ്‌ലീങ്ങളോട് നിലവിലെ രാഷ്ട്രീയ ക്രമം സ്വീകരിക്കാന്‍ ഉപദേശിച്ചത്. ബുദ്ധിപരമായ ആ നീക്കം കാരണം അറബികള്‍ക്കിടയിലെ ഐക്യം നിലനിന്നു. ഇസ്‌ലാമിക ദൗത്യം വിജയകരമായിത്തന്നെ പ്രവാചക വിയോഗത്തിന് ശേഷവും നിര്‍വ്വാദം തുടരുകയും ചെയ്തു.

## 6. രാജ്യ കാര്യങ്ങളിലെ അനുകൂലാത്മക പൂര്‍വ്വ സ്ഥിതി

പ്രവാചക വിയോഗത്തിന് ശേഷവും ഇസ്‌ലാമിന്റെ പ്രാരംഭ ഘട്ടത്തില്‍ അനുകൂലാത്മക പൂര്‍വ്വ സ്ഥിതി തുടര്‍ന്നു. അമവികളുടെ അവസാന പാതിയിലും അബ്ബാസീ കാലഘട്ടത്തിലുടനീളവും ഇസ്‌ലാമിക പണ്ഡിതര്‍ കൈകൊണ്ട രീതിതന്നെ അതിനൊരു മകുടോദാഹരണമാണ്. അക്കാലത്തെ രാഷ്ട്രീയ ക്രമം ജീര്‍ണ്ണത

ബാധിച്ചതായിരുന്നു. എന്നിട്ടും അന്നുള്ള പണ്ഡിതർ ബഹുഭൂരി ഭാഗവും (ഹദീസ് പണ്ഡിതന്മാരും കർമ്മ ശാസ്ത്ര വിശാരദന്മാരും ഉലമയും) അതിനെതിരെ ഭരണകൂടത്തോട് കലഹിക്കാനൊരുമ്പെ ടുന്നതിൽ നിന്ന് മാറിനിന്നു. അതിനാൽ, അവർ മുസ്‌ലീം അധി കാരികളുടെ ക്രൂരമായ പെരുമാറ്റത്തിൽ നിന്ന് രക്ഷ നേടി. എന്നാൽ, അവർക്കെതിരെ പരുക്കൻ ഏറ്റുമുട്ടലിന് തയ്യാറായവർ രംഗത്തുനിന്ന് തുടച്ചുനീക്കപ്പെട്ടു.

അങ്ങനെ രാഷ്ട്രീയത്തിൽ ഇടപെടാതിരിക്കുക എന്ന പണ്ഡിത നിലപാട് മൂലം ഇസ്‌ലാമിക ഗ്രന്ഥാലയമായി അറിയ പ്പെട്ട വൻ നിധി ശേഖരം ഉണ്ടാക്കാൻ കഴിഞ്ഞു. അക്കാലത്താണ് മിക്കവാറും എല്ലാ ഇസ്‌ലാമിക മഹദ് കൃതികളും വിരചിതമായ തെന്ന് ചരിത്രം പറയുന്നു. കൂടാതെ, അറബീ ഭാഷ, വ്യാകരണം, കൈയക്ഷര കല, ഖുർ,ആൻ വ്യാഖ്യാനം, ഹദീസ് ശേഖരണവും പരിശോധനയും, സാമൂഹികവും മതപരവുമായ നിയമങ്ങൾ തയ്യാ റാക്കൽ (ഫിഖ്ഹ്), ദൈവ ശാസ്ത്ര വൈജ്ഞാനീയങ്ങൾ തയ്യാ ക്കൽ (ഇൽമുൽ കലാം) തുടങ്ങി സകല വിദ്യകളും അക്കാലത്ത് വികസിച്ചു.

വാസ്തവത്തിൽ, മുസ്‌ലീം പണ്ഡിതരും ഉലമാക്കളും വ്യാ ജമായ ആ രാഷ്ട്രീയ ക്രമത്തിനെതിരെ അന്ന് ശക്തമായി രംഗ ത്തുവന്നിരുന്നുവെങ്കിൽ അങ്ങനെയുള്ള അമൂല്യമായ ഒരു സാഹി ത്യ സംസ്കൃതി നിലവിൽ വരില്ലായിരുന്നു. അപ്രകാരംതന്നെ ഇസ്‌ലാമിലെ രണ്ടാമത്തെ വൈജ്ഞാനിക സ്രോതസ്സായ ഭൂരിഭാഗം ഹദീസുകളും വരുംതലമുറക്ക് അതിന്റെ യഥാർത്ഥ രൂപത്തിൽ സുര ക്ഷിതമായി എത്തിക്കാൻ സാധിക്കുമായിരുന്നില്ല, അച്ചടി ഉദയം കൊണ്ടിട്ടില്ലാത്ത കാലമായിരുന്നു അത്. അവശിഷ്ട പണ്ഡിത രുടെ ഓർമ്മക്കുറിപ്പുകൾ മാത്രമായിരുന്നു അറിവിന്റെ ഏക സ്രോത സ്സ്. ആ പണ്ഡിതർ അധികാരികളോട് രാഷ്ട്രീയ ഏറ്റുമുട്ടൽ നട ത്തിയിരുന്നുവെങ്കിൽ അവരോടൊപ്പം എല്ലാ ഇസ്‌ലാമിക ചിന്താ, കർമ്മ മാതൃകാ നിധികളും ഖബറടക്കപ്പെടുമായിരുന്നു.

സാമൂഹിക കാര്യങ്ങളിലെ അനുകൂലാത്മക പൂർവ്വ സ്ഥിതി തുടരൽ അതിനാൽ ഇസ്‌ലാമിക വീക്ഷണപ്രകാരം മാറ്റത്തിന് വിധേയമാകാത്ത നയമാണ്. പ്രവാചകനും തന്റെ അനുചരന്മാരും ആ നയം സ്വീകരിച്ചുകൊണ്ടായിരുന്നു മാനവ സംസ്കൃതിയുടെ മത, മതേതര തലങ്ങളെക്കുറിച്ച് വിളിച്ചറിയിക്കുന്ന ഒരു മഹാ ചരി ത്രത്തിന് രൂപം നല്കിയത്.

# ക്ഷമക്ക് പരിധിയില്ലാത്ത പ്രസക്തി

പ്രവാചകൻ മുഹമ്മദ്(സ) തന്റെ ദൈവത്തിലേക്കുള്ള ക്ഷണത്തിന് പുരാതന മക്കയിൽ പ്രാരംഭം കുറിച്ചപ്പോൾ സ്വാഭാവികമെന്നപോലെ അവിടെയും ഒരു പൂർവ്വ സ്ഥിതിയുണ്ടായിരുന്നു. ഖുറൈശികൾ നഗരത്തിൽ തങ്ങളുടെ ആധിപത്യം സ്ഥാപിച്ചിരുന്നു. കൂടാതെ, അവരുടെ വിശ്വാസ പ്രകാരം അവിടെ ഒരു ബിംബാരാധനാ ക്രമം രൂപപ്പെടുത്തിയിരുന്നു. അപ്പോൾ ഉയരുന്ന ചോദ്യം, പ്രവാചകർ എങ്ങനെ തന്റെ ദൗത്യം തുടങ്ങണമെന്നതാണ്. ഖുറൈശികളുടെ നേതൃത്വ സ്ഥാനം നിർമ്മാർജ്ജനം ചെയ്യണം. കാരണം അപ്പോൾ മാത്രമെ പ്രവാചക ദൗത്യത്തിനുള്ള വഴി തുറന്നു കിട്ടൂ. ആ സന്ദർഭത്തിൽ അന്ത്യപ്രവാചകന് ചില ഖുർ,ആൻ സൂക്തങ്ങൾ അവതീർണ്ണമായി: "തീർച്ചയായും ഞെരുക്കത്തോടൊപ്പം ആശ്വാസമുണ്ടാവും. അതെ, ഞെരുക്കത്തോടൊപ്പം തന്നെയാണ് ആശ്വാസം." (94: 5, 6).

മക്കയിലുണ്ടായിരുന്നത് പ്രതികൂല സ്ഥിതിയായിരുന്നുവെങ്കിലും പ്രകൃതീ നിയമം അനുസരിച്ച് തന്റെ ദൗത്യം വിജയിപ്പിച്ചെടുക്കാനുള്ള അവസരവും അതോടൊപ്പംതന്നെ ഉണ്ടായിരുന്നു.

തന്റെ പ്രബോധനത്തിന്റെ പ്രാരംഭ ഘട്ടത്തിൽത്തന്നെ പൂർവ്വ സ്ഥിതി മാറ്റാൻ തുനിയേണ്ടതില്ല. നിലവിലെ അവസരങ്ങളെ സ്പർശ്ശിക്കാതെ ഇസ്ലാമിക ദൗത്യം വിജയിപ്പിക്കുന്നതിനായി ഉപയോഗിക്കേണ്ട അനുകൂല സാഹചര്യങ്ങൾ മറ്റ് മേഖലകളിൽ ഉണ്ട

ല്ലോ.

നമ്മുടെ ലക്ഷ്യ സഫലീകരണത്തിന് ഇസ്‌ലാം നിർദ്ദേശിക്കുന്ന രീതികളും പ്രവാചക ജീവിതത്തിൽ നിന്നുള്ള ഉത്തമ മാതൃകകളും ചുരുക്കത്തിൽ ക്ഷമയിലധിഷ്ഠിതമായിരുന്നുവെന്ന് നമുക്ക് കാണാം. അതായത്, പൂർവ്വ സ്ഥിതിയുമായി ഒത്തുതീർപ്പായി പോവുക. നേടാൻ കഴിയുന്നതിൽ മാത്രം പരിശ്രമിക്കുക. ആ നിലക്ക് അതിനെ അനുകൂലാത്മക പൂർവ്വ സ്ഥിതി തുടരൽ വാദം എന്ന് വിളിക്കാം.

### 1. തടസ്സം മുന്നോട്ടുള്ള ചവിട്ടുകല്ലായിമാറുന്നു

മക്കയിൽ പ്രവാചകൻ തന്റെ ദൗത്യം ആരംഭിച്ച കാലം തന്നെ നൂറുകണക്കിന് വിഗ്രഹങ്ങൾ പരിശുദ്ധ ഗേഹത്തിലുണ്ടായിരുന്നു. ഏക ദൈവ വിശ്വാസത്തിനായി പണിയപ്പെട്ട ക,അബ ഫലത്തിൽ ബഹുദൈവാരാധനാ കേന്ദ്രമായി മാറുകയായിരുന്നു. അപ്പോൾ പ്രവാചകൻ സ്വീകരിച്ച നടപടി അനുകൂലാത്മക പൂർവ്വ സ്ഥിതി തുടരുക എന്നതിന്റെ തികവുറ്റ മാതൃകയാണ്.

പ്രവാചകൻ മുഹമ്മദ്(സ) ചെയ്തത് ബിംബങ്ങളിലോ ബിംബാരാധനയിലോ ഇടപെടുന്നതിൽ നിന്ന് പരിപൂർണ്ണമായി വിട്ടുനിൽക്കുകയായിരുന്നു. വിഗ്രഹാരാധനയെ അതിന്റെ അതേ രീതിയിൽ മുന്നോട്ട് പോവാൻ വിട്ട് നബി ചെയ്തത്, കേന്ദ്രീകൃത സ്ഥലമായി മാറിയ ക,അബയിൽ നിത്യ സന്ദർശ്ശനം നടത്താറുള്ളവരെ ഏകദൈവ വിശ്വാസത്തിലേക്ക് ക്ഷണിക്കുകയായിരുന്നു. എല്ലാ ദിവസവും അവിടെ തടിച്ചുകൂടിയ ജനങ്ങൾക്ക് പ്രവാചകൻ ഖുർ,ആനികാധ്യാപനങ്ങൾ കേൾപ്പിച്ചുകൊടുത്തു. അങ്ങനെ ഇസ്‌ലാം അവിടെ പച്ചപിടിക്കാൻ തുടങ്ങി.

### 2. പ്രതിഷേധ രാഹിത്യത്താൽ പൂർവ്വ സ്ഥിതിയിലെ മാറ്റം

പ്രവാചകനായതിനുശേഷം നബി 13 വർഷം മക്കയിൽ ജീവിച്ചു. ആ കാലയളവിൽ ഒരു വിഭാഗം ജനം ഇസ്‌ലാം സ്വീകരിച്ചുവെങ്കിലും ബാക്കിയുള്ളവർ തീർത്തും അതിനെ എതിർത്തുപോന്നു.

അക്കാലത്ത് ദാറുന്നദുവ മക്കയിലെ രാഷ്ട്രീയ കേന്ദ്രമായിരുന്നു. മക്കയിലെ നേതാക്കൾ അവിടെ സമ്മേളിക്കുകയും നബിയെ ബഹിഷ്കരിക്കാൻ ഒറ്റക്കെട്ടായി തീരുമാനിക്കുകയും ചെയ്തു. അവർക്കതിൽ സമനില പോലും പിടിക്കാൻ കഴിയാതായപ്പോൾ അവർ നബിയെ കൊല്ലാൻ തന്നെ തീരുമാനിച്ചു. എന്നാൽ, ആ സമയം പ്രാവാചകൻ തന്റെ എതിരാളികളുടെ കേന്ദ്രമായ ദാറുന്നദുവ പിടിച്ചെടുക്കാൻ ശ്രമിച്ചില്ല. പ്രവാചകൻ മക്കയിലെ നേതാക്കളോട് വൈരം വെച്ചതുമില്ല. ഒരു യുദ്ധത്തിലൂടെ തീർപ്പാക്കാനും മുതിർന്നില്ല. മറിച്ച്, റസൂലുല്ല ചെയ്തത് പിന്നീട് തന്റെ പ്രവർത്തന കേന്ദ്രമായ മദീനയിലേക്ക് പലായനം ചെയ്യുകയാണ്. റസൂലുല്ലയുടെ ദീർഘ ദൃഷ്ടിയോടെയുള്ള മികച്ച ആ പ്രവർത്തനം അസാധാരണമായ നേട്ടങ്ങളുളവാക്കിയതാണ് ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയുന്നത്.

### 3. ആന്തരിക ഐക്യം ബാഹ്യ വികാസത്തിന് കാരണമാകുന്നു.

മദീനയിൽ അപ്പോൾ പ്രബലരായ മൂന്ന് മത വിശ്വാസ വിഭാഗങ്ങൾ ഉണ്ടായിരുന്നു. മുസ്‌ലീങ്ങൾ, ജൂതർ, വിഗ്രഹാരാധകർ. അവിടെയും നബി നിലവിലെ സ്ഥിതിയുമായി നേരിട്ട് ഏറ്റുമുട്ടിയില്ല. ഇസ്‌ലാമിക ചരിത്രത്തിൽ സ്വഹീഫാ അൽ മദീന (മദീനാ വിളംബരം) എന്ന പേരിൽ പ്രശസ്തമായ ഒരു വിളംബരം പുറപ്പെടുവിക്കുകയാണ് റസൂലുല്ല ചെയ്തത്. ആധുനിക കാലത്തെ, ഇടപെടാതിരിക്കൽ എന്ന പേരിൽ അറിയപ്പെടുന്ന ഒരു തത്വമാണ് അവിടെയും റസൂലുല്ല അവലംബിച്ചത്. മത, സാംസ്കാരിക കാര്യങ്ങളിൽ ഓരോ മതത്തിനും പൂർണ്ണ സ്വാതന്ത്ര്യമുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. പരസ്പര ബഹുമാനം നിലനിർത്തുക എന്ന നയത്തെ ആസ്പദമാക്കിയാവും മദീനയിൽ ഭരണം നടത്തുക.

ശത്രുക്കളുമായി ആവശ്യമില്ലാത്ത ഏറ്റുമുട്ടലിനൊന്നും നിൽക്കാതെതന്നെ തന്റെ ദൗത്യവുമായി മുന്നോട്ടുപോകാൻ പറ്റിയ അനുകൂല ചുറ്റുപാട് റസൂലുല്ല കണ്ടു. മാതൃ രാജ്യം വിട്ടതിന് ശേഷവും മക്കക്കാർ നബിയെ തനിയെ വിട്ടില്ല. അവർ തങ്ങളുടെ വിദ്വേഷ പ്രചാരണം അദ്ദേഹത്തിനെതിരെ തുടർന്നു. തത്ഫലമായി ചെറുതും വലുതുമായ നിരവധി ഏറ്റുമുട്ടലുകൾ നടന്നു.

എന്നിട്ടും പ്രവാചകൻ(സ) നിലവിലെ സ്ഥിതിയിൽ ഇടപെടാതിരിക്കുക എന്ന നയം പിന്തുടർന്നു. മക്കക്കാരുടെ മേൽക്കൈ സ്വീകരിച്ചുതന്നെ പ്രസിദ്ധമായ ഹുദൈബിയാ സന്ധിയെന്ന സമാധാന കരാറിൽ നബി(സ) ഒപ്പുവെച്ചു. അതിൽ മക്കക്കാരുടെ സ്ഥാപിത പദവി നബി(സ) അംഗീകരിച്ചുകൊടുത്തു. കൂടാതെ, പത്തുവർഷത്തേക്ക് ഇരു വിഭാഗവും തമ്മിൽ ഒരു യുദ്ധവും ഉണ്ടാവാൻ പാടില്ലയെന്ന് നിർദ്ദേശിക്കുകയും ചെയ്തു. നിലവിലെ സ്ഥിതി അനുകൂലാത്മകമായി തുടരുന്നതിന് വിജയകരമായ ഉദാഹരണമാണ് ഹുദൈബിയാ സന്ധി. ആ അവസരം നബി(സ) പരമാവധി ഉപയോഗപ്പെടുത്തി തന്റെ പ്രബോധന പ്രവർത്തനങ്ങളിൽ പൂർണ്ണമായി ശ്രദ്ധയൂന്നി. അത് ഖുർ,ആനിൽ വ്യക്തമാക്കിയതുപോലെയുള്ള "പരിപൂർണ്ണ വിജയ"ത്തിന് വഴി തുറക്കുകയും ചെയ്തു. (48: 24). ഇസ്‌ലാമിക കർമ്മോത്സുകതയുടെ തത്വം ഖുർ,ആനിൽ വ്യക്തമാക്കിയിട്ടുണ്ട്: "അതിനാൽ, ദൃഢ മാനസരായ ദൂതന്മാർ ക്ഷമിച്ച പോലെ താങ്കളും ക്ഷമ കൈകൊള്ളുക. അവരുടെ കാര്യത്തിൽ താങ്കൾ ധൃതികൂട്ടരുത്." (46: 35).

ആ ആയത്തിന്റെ അടിസ്ഥാനത്തിൽ ഏതുകാര്യം തുടങ്ങുന്നതിലും ക്ഷമയെന്നും അക്ഷമയെന്നുമുള്ള രണ്ടുകാര്യങ്ങൾ ഏതവസ്ഥയിലും ഉണ്ടെന്ന് ഗ്രഹിക്കാം.

അതിൽ ആദ്യത്തേത് വൈകാരികമാണെങ്കിൽ രണ്ടാമത്തേത് പരിഗണനീയമായ പ്രതികരണമാണ്. അക്ഷമൻ തന്റെ ഓരോ പ്രവർത്തനത്തിന്റെയും തുടക്കത്തിൽത്തന്നെ ഏറ്റുമുട്ടൽ തത്വം അവലംബിക്കുന്നു. നേരെമറിച്ച്, ക്ഷമാ ശീലൻ എല്ലാസമയത്തും നിലവിലെ അനുകൂല സ്ഥിതിയുമായുള്ള ഏറ്റുമുട്ടൽ ഒഴിവാക്കി തന്റെ മുമ്പിലുള്ള എല്ലാ അവസരങ്ങളും പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിക്കുന്നു. അത് സമൂഹത്തിൽ പുതിയ പ്രശ്നങ്ങളൊന്നും സൃഷ്ടിക്കാതെ പരിപൂർണ്ണ വിജയത്തിലേക്ക് നയിക്കുന്നു.

ചുരുക്കത്തിൽ തങ്ങളുടെ എല്ലാ കാര്യത്തിലും ക്ഷമയുടെ രീതി ശാശ്വത നയമായി തെരഞ്ഞെടുക്കുന്ന വിഭാഗങ്ങൾക്കും വ്യക്തികൾക്കും അനന്ത സാധ്യതകളുണ്ട്. മാത്രമല്ല, അതിലാണ് വിജയത്തിന്റെ മുഴുവൻ രഹസ്യങ്ങളും കുടികൊള്ളുന്നത്. നിലവിലെ സ്ഥിതിയോട് എതിരാവുന്ന ആത്മ നശീകരണ പ്രവർത്തനങ്ങളും അനാവശ്യവും ഉത്പാദന ക്ഷമവുമല്ലാത്ത കാര്യങ്ങൾ

ചെയ്യുന്നതിനെക്കാൾ പരിപൂർണ്ണമായി ദീർഘകാലാടിസ്ഥാനത്തിലുള്ളതും നിർമ്മാണാത്മകവുമായ പ്രവർത്തികൾ ചെയ്യാനായി നമ്മുടെ കഴിവുകളും ഊർജ്ജവും ചെവലവഴിക്കാൻ നിലവിലെ സ്ഥിതി അനുകൂലാത്മകമായി തുടരുക എന്ന നയം കൊണ്ട് സാധിക്കുന്നു.

അതിനുപുറമെ, നമ്മൾ മുസ്‌ലീം സമൂഹത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി പ്രവർത്തിക്കാൻ ഇച്ഛിക്കുന്നുവെങ്കിൽ തീർച്ചയായും നമ്മൾ ക്ഷമയോടെയും നിലവിലെ സ്ഥിതി അനുകൂലാത്മകമായി തുടരുന്നതിന്റെയും വഴിയിൽ കർശ്ശനമായും തുടരണം. കാരണം, നാം നേരത്തെ സൂചിപ്പിച്ചതുപോലെ ഓന്നാമതായി ഖുർ, ആൻ അത് അങ്ങേയറ്റം പ്രോത്സാഹിപ്പിക്കുന്നു. രണ്ടാമതായി, ആദ്യ കാലഘട്ടം മുതൽ ശത്രുക്കൾക്കുമേൽ എതിരില്ലാത്ത വിജയം നേടാനായതും മുസ്‌ലീം ആദർശ്ശ സമൂഹം യാഥാർഥ്യമാക്കാൻ കഴിഞ്ഞതും മുസ്‌ലീങ്ങൾ അവ്വിധം പ്രവർത്തിച്ചതിന്റെ ഫലമായിരുന്നു.

## സംരക്ഷണം, നവീകരണം, ദ,അവത്ത്

പ്രവാചകനെ അഭിസംബോധന ചെയ്ത് സ്രഷ്ടാവ് പ്രസ്താവിച്ചു: "നാം താങ്കളെ അയച്ചത് സർവ്വ ലോകർക്കും കാരുണ്യമായാണ്." (21: 107). ഖുർ,ആൻ വീണ്ടും പറയുന്നു: "മാനവർക്കാകെയും മുന്നറിയിപ്പ് നല്കുന്നവനാവാൻ വേണ്ടി തന്റെ ദാസന് സത്യാസത്യങ്ങളെ വേർത്തിരിക്കുന്ന ഗ്രന്ഥം, അതായത്, ഖുർ,ആൻ അവതരിപ്പിച്ചുകൊടുത്തവൻ അനുഗ്രഹപൂർണ്ണനായിരിക്കുന്നു." (25: 1)

മറ്റൊരധ്യായത്തിൽ ഖുർ,ആൻ പറയുന്നത് കാണുക: "മനുഷ്യർക്കൊക്കെയും ശുഭ വൃത്താന്തമറിയിക്കുന്നവനും താക്കീത് നല്കുന്നവനുമായി മാത്രമാണ് താങ്കളെ നാം അയച്ചത്." (34: 28)

ആ ഖുർ,ആനിക ഉദ്ധരണിയിൽ നിന്ന് നമുക്ക് ഗ്രഹിക്കാൻ കഴിയുന്നത്, മുഹമ്മദുനബി(സ)യെ ലോകത്തിനാകമാനമാണ് നിയോഗിച്ചത് എന്നാണ്. ലോകത്തെ നിലവിലുള്ളതും വരാനിരിക്കുന്നതുമായ തലമുറക്ക് മുഴുവനുമാണ്. മനുഷ്യ കുലത്തെ സ്രഷ്ടാവിന്റെ മാർഗ്ഗത്തിലേക്ക് നയിക്കാനാണ് സ്രഷ്ടാവ് പ്രവാചകനെ നിയോഗിച്ചത്. ആ ദൗത്യം ലോകത്തിന്റെ അന്ത്യനാളുവരെ സകലമാന തലമുറകളിലും തുടരേണ്ടതുണ്ട്. തന്റെ ജീവിതകാലത്ത് നബി(സ) അത് നേരിട്ടും വിയോഗാനന്തരം ആ ഉത്തരവാദിത്വം ഉലമായിലൂടെയുമാണ് നിർവ്വഹിക്കുക. പിൽക്കാല തലമുറയുടെ ഉത്തരവാദിത്വം പ്രാധാനമായും മൂന്നായി തിരിക്കാം:

1. സംരക്ഷണ പ്രക്രിയ

2. നവീന പ്രവർത്തി

3. ദ,അവാ പ്രവർത്തനം

ആദ്യ പ്രക്രിയയുടെ ലക്ഷ്യം അന്ത്യപ്രവാചകന് അവതീർണ്ണമായ വിശുദ്ധ ഗ്രന്ഥം തലമുറകളിലൂടെ അതിന്റെ യഥാർത്ഥ രീതിയിൽത്തന്നെ നിലനിർത്തുക എന്നതാണ്. അതിൽ ഏതെങ്കിലും തരത്തിലുള്ള മനുഷ്യ കൈകടത്തലോ അതിന്റെ ഏതെങ്കിലും ഭാഗം നശിപ്പിക്കപ്പെടുകയോ പാടില്ല.

അതിൽ, ആദ്യത്തെ പ്രധാന നടപടിയായ സംരക്ഷണച്ചുമതല പ്രവാചകവിയോഗാനന്തരം ഖലീഫമാരിൽ പ്രഥമനായ അബൂബക്കർ സിദ്ദീഖി(റ)ന്റെ കാലത്ത് ഏറ്റെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ കാലത്ത് ഖുർ,ആൻ പൂർണ്ണമായി ഹൃദ്യസ്ഥമാക്കിയ പതിനായിരക്കണക്കിന് അനുചരന്മാർ ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ പൂർണ്ണമായി ഖുർ,ആൻ മനുഷ്യ മനസ്സുകളിൽ സൂക്ഷിക്കപ്പെട്ടു.

എന്നാൽ, ലിഖിത കാര്യമെടുക്കുകയാണെങ്കിൽ, എഴുതാനുപയോഗിക്കുന്ന വിവിധ വസ്തുക്കളിലാണ് ഖുർ,ആൻ എഴുതിയത്. ആയതിനാൽ ആദ്യ ഖലീഫ നബി(സ)യുടെ അനുചരന്മാർക്കിടയിൽ നിന്ന് മുസ്ഹഫിന് ഏകീകൃതമായ പകർപ്പുണ്ടാക്കാൻ തീരുമാനിച്ചു. എഴുതപ്പെട്ട ഖുർ,ആൻ മനഃപാഠമാക്കിയതിനോടും, മനഃപാഠമാക്കിയ ഖുർ,ആൻ എഴുതപ്പെട്ടതിനോടും ഒത്തുനോക്കി. അങ്ങനെ ആദ്യ ഖലീഫയുടെ കാലത്ത് ഔദ്യോഗികമായി ഖുർ,ആനിന്റെ തുന്നിക്കെട്ടി ഭദ്രമാക്കിയ ആദ്യ പകർപ്പുണ്ടായി. അത് ഖുർ,ആനിന്റെ മാതൃകാ പതിപ്പായി അംഗീകരിച്ചു. ഖുർ,ആനിന്റെ മറ്റ് പതിപ്പുകളെല്ലാം അതിൽ നിന്ന് പകർത്തിയതായിരുന്നു. അപ്രകാരം ഖുർ,ആൻ ഇരട്ട രീതിയിലൂടെ സംരക്ഷിതമായിപ്പോന്നു. എഴുത്തിലൂടെയും മനഃപാഠത്തിലൂടെയും തലമുറകളിലൂടെ അച്ചടിയുടെ കാലത്തിലെത്തുന്നതുവരെ അത് സംരക്ഷിക്കപ്പെട്ടു. അതോടെ മനുഷ്യരുടെ ഏതുതരത്തിലുള്ള കൈകടത്തലുകളും അസാധ്യമായി.

# ഹദീസ് പണ്ഡിതരുടെ സമർപ്പണം

**അ**തോടൊപ്പം ഇസ്‌ലാമിന്റെ ആദ്യകാല തലമുറകളിൽ ഹദീസ്, സീറ, മഗാസി എന്നീ പേരുകളിൽ പൊതുവായി അറിയപ്പെട്ട പൂർണ്ണമായും ആധികാരികവും നിസ്തുലവുമായ ചരിത്ര രേഖകൾ തയ്യാറാക്കാൻ പ്രാപ്തരായ അസംഖ്യം പണ്ഡിതന്മാരുതന്നെ ഉയർന്നുവന്നു. അവർ പ്രവാചകൻ(സ) ഉച്ചരിച്ച മിക്കവാറും എല്ലാ വാക്കുകളും പ്രവാചകൻ(സ) ചെയ്ത എല്ലാ പ്രവർത്തികളും പ്രവാചകൻ(സ) അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്ത എല്ലാ കാര്യങ്ങളും തന്റെ അനുചരന്മാരിൽ നിന്നും തുടർന്നുവന്ന തലമുറകളിൽ നിന്നും ലഭിച്ച മറ്റ് ചരിത്ര വിവരങ്ങൾ സഹിതം ഹ്രസ്വമായ കാലയളവിൽ രേഖപ്പെടുത്തിവെക്കുകയും ആ സാഹൃത്യത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും വിസ്മയാവഹവും ബൃഹത്തും വ്യവസ്ഥാപിതവുമായ വിജ്ഞാനിക സമാഹാരം തയ്യാറാക്കുകയും ചെയ്തു. ആ സാഹിത്യം മൊത്തത്തിൽ ഖുർ,ആനുശേഷം ഇസ്‌ലാമിലെ രണ്ടാമത്തെ അടിസ്ഥാന പ്രമാണ സ്രോതസ്സായി, അതർഹിക്കും വിധം തന്നെ പരിഗണിക്കപ്പെടുന്നു.

അങ്ങനെ രണ്ട് സ്രോതസ്സുകളും എഴുതിവെച്ചതുവഴി ഇസ്‌ലാമിന്റെ ആധികാരിക രൂപം തികവുറ്റതും പരിപൂർണ്ണവുമായ നിലയിൽ ലോകാവസാനം വരേക്കും സർവ്വ കാലത്തേക്കുമായി സംസംരക്ഷിതമായി. അതിനാൽ ഏതൊരാൾക്കും എപ്പോൾ വേണമെങ്കിലും എങ്ങനെയാണ് ഇസ്‌ലാമികാധ്യാപനങ്ങൾ സ്രഷ്ടാവി

ൽ നിന്ന് അവതരിച്ചതെന്ന് ഗ്രഹിക്കാൻ സാധിക്കും. അവയെല്ലാം എങ്ങനെയാണ് പ്രവാചകനും തന്റെ അനുചരന്മാരും വ്യാഖ്യാനിച്ചതെന്നും പ്രാവർത്തികമാക്കിയതെന്നും മനസ്സിലാക്കാനും കഴിയും.

## മത സ്ഥാപനങ്ങൾ

പ്രവാചക അനുചരന്മാരുടെ കാലം മുതൽ ഇന്നുവരെയുള്ള മുസ്ലീം ഭരണാധികാരികളും ഭരണീയരും ഇസ്ലാമിക വിജ്ഞാനങ്ങൾ സൈദ്ധാന്തികമെന്നോ പ്രായോഗികമെന്നോ വേർത്തിരിക്കാതെ തങ്ങളുടെ സന്താനങ്ങൾക്ക് പഠിപ്പിച്ചുകൊടുക്കുന്ന കാര്യത്തിൽ വളരെ ഗൗരവത്തോടെയും താത്പര്യത്തോടെയുമാണ് പ്രവർത്തിച്ചത്. പ്രവാചക ജീവിത രീതി എങ്ങനെ നമ്മുടെ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കാം എന്ന് പഠിപ്പിക്കുന്നതിനായി എണ്ണമറ്റ സ്ഥാപനങ്ങൾ നിലവിൽ വന്നു. പാരമ്പര്യ രീതിയിലുള്ള മത കേന്ദ്രങ്ങൾക്ക് മദറസ എന്നും ആത്മീയ പരിശീലന കേന്ദ്രങ്ങൾക്ക് തകിയ എന്നുമാണ് പേരുവിളിച്ചത്. പുരാതന കാലം മുതൽ ഈ ആധുനിക യുഗം വരെ മുസ്ലീം ലോകത്ത് അങ്ങനെയുള്ള എണ്ണമറ്റ മത സ്ഥാപനങ്ങൾ നിലവിൽ വരികയുണ്ടായി. എന്നാൽ ആ കലഘട്ടത്തിൽ ആ സ്ഥാപനങ്ങൾ നവീകൃത ശക്തിയോടെയാണ് രംഗത്തുവന്നത്. സംശയലേശമന്യേ അതിന്റെ സംസ്ഥാപനത്തിന്റെ പരമ ലക്ഷ്യങ്ങളിൽ ഒന്നെങ്കിലും തീർച്ചയായും പരിഹരിക്കുന്നതിൽ അവ വിജയിച്ചിട്ടുണ്ട്. അതായത്, ഇസ്ലാമിന്റെ അടിസ്ഥാന തത്വങ്ങൾ സംരക്ഷിക്കുകയും അതിന്റെ പ്രായോഗിക രൂപം, അഥവാ പ്രയുക്ത രൂപം തലമുറകൾക്ക് കൈമാറുകയും ചെയ്യുക. ഈയടുത്ത കാലത്തായി മത സംഘടനകളിലൂടെയും പ്രസ്ഥാനങ്ങളിലൂടെയും അതേ ലക്ഷ്യം സാക്ഷാത്കൃതമായിട്ടുണ്ട്. തബ്ലീഗിന്റെ പ്രവർത്തനം തന്നെ അതിന് ചെറിയൊരു ഉദാഹരണം.

# നവീനത

**ഇ**തുമായി ബന്ധപ്പെട്ട രണ്ടാമത്തെ കാര്യം നവീകരണമാണ്. പ്രവാചകൻ പഠിപ്പിച്ച മതം അന്നും ഇന്നും ഒന്നാണ്. എങ്കിലും മനുഷ്യന്റെ ജീവിത രീതിക്ക് മാറ്റം സംഭവിക്കുന്നതിനാൽ യഥാർത്ഥ ദീൻ കാലോചിതമായി പുനഃപ്രയോഗവത്കരിക്കേണ്ടിവരും. ഉദാഹരണത്തിന്, അംഗ ശുദ്ധി വരുത്തുമ്പോൾ തോലിന്റെ കാലുറ കഴുകുന്നതിനുപകരം അതിൽ നനഞ്ഞ കൈകൊണ്ട് തടവിയാൽ മതിയാകുമെന്ന് ശരീ,അത്ത് വിധിച്ചിട്ടുണ്ട്. എന്നാൽ കൃത്രിമ നാരുകൾ കൊണ്ട് സോക്സ് നിർമ്മിക്കുന്ന ഇക്കാലത്ത് അതിന്റെ മുകളിലൂടെ നനഞ്ഞ കൈകൊണ്ട് തടവുന്നത് അനുവദനീയമാകുമോ ഇല്ലയോ? അപ്പോൾ ആദ്യ കാലത്തെ ആ അനുവാദത്തെക്കുറിച്ച് പുതിയ സാഹചര്യത്തിൽ കൂടുതൽ അന്വേഷണ ഗവേഷണങ്ങൾ നടത്തിയ ഇക്കാലത്ത് സോക്സ് തടവുന്നതിന് അനുവാദം നല്കുകയും ചെയ്യുന്നു.

ഓരോ കാലത്തും സ്രഷ്ടാവിന്റെ ഉത്തരവുകൾ നടപ്പാക്കുമ്പോൾ പുനഃപ്രയോഗം ആവശ്യമായി വരും. ആധുനിക കാലത്ത് അത് കൂടുതലായി വേണ്ടിവരുന്നു. ആദ്യ കാലത്ത് തർക്ക പരിഹാരത്തിനുള്ള ഒരു ഉപാധി യുദ്ധമായിരുന്നു. എന്നാൽ, മാരകായുധങ്ങളുടെ ഇക്കാലത്ത് യുദ്ധം അതിന് പ്രയോജനകരമല്ല. ഇന്ന് സമാധാനത്തിൽ മാത്രമാണ് ശക്തി കുടികൊള്ളുന്നത്. ആ സാഹചര്യത്തിൽ ഇസ്ലാമിക യുദ്ധത്തെ സംബന്ധിച്ച ആജ്ഞകൾ

പുതിയ രൂപത്തില്‍ പുനഃപ്രയോഗവത്കരിക്കേണ്ടതുണ്ട്. അക്കാലത്ത് രാജാക്കന്മാര്‍ക്ക് സര്‍വ്വവിധ അധികാരങ്ങളും ഉണ്ടായിരുന്നു. എന്നാല്‍ ഇപ്പോള്‍ അധികാര വിഭജനത്തിന്റെ മറ്റൊരു പേരായ ജനാധിപത്യ രീതിയാണ് നിലനില്‍ക്കുന്നത്.

മാറ്റങ്ങള്‍ സംഭവിച്ച ഓരോ കാലഘട്ടത്തിലും ഇസ്‌ലാമിക നിര്‍ദ്ദേശങ്ങള്‍ പുതിയ സാഹചര്യങ്ങളുടെ ആവശ്യത്തിനനുസരിച്ച് സ്വീകാര്യമാക്കേണ്ടതുണ്ട്. അപ്രകാരമാണ് ഇസ്‌ലാമിക ശരീ,അത്ത് കാലാനുസൃതമായി നവീകൃതമാകുന്നത്. ഇജ്തിഹാദിലൂടെയാണ് ആ നവീകരണ ദൗത്യം നിര്‍വ്വഹിക്കുക. അത് ഏത് സമൂഹത്തിലായാലും ക്രിയാത്മക ചിന്തകള്‍ ആവശ്യപ്പെടുന്നു. വിമര്‍ശ്ശനം അടക്കം പരിപൂര്‍ണ്ണമായ ആവിഷ്കാര സ്വാതന്ത്ര്യം ഉണ്ടെങ്കിലേ ക്രിയാത്മക ചിന്തകള്‍ സാധ്യമാകൂ. അതുകാരണമാണ് ഇസ്‌ലാം ഏവര്‍ക്കും വിമര്‍ശ്ശന സ്വാതന്ത്ര്യം അനുവദിച്ചത്. എന്തിനെയും ആരെയും വിമര്‍ശ്ശിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടെങ്കിലേ ക്രിയാത്മകത വികസിക്കുകയുള്ളു. ക്രിയാത്മക മനസ്സുകള്‍ക്ക് മാത്രമെ ഇജ്തിഹാദ് അതിന്റെ സമുന്നത നിലവാരത്തില്‍ നിര്‍വ്വഹിക്കാന്‍ സാധിക്കുകയുള്ളു. എന്നാല്‍ എവിടെ തുറന്ന ബൗദ്ധിക അന്തരീക്ഷമില്ലയോ അവിടെ ബുദ്ധിപരമായ പുരോഗതിയും നവീകരണവും നിലച്ചുപോകും.

# ശരീ,അത്തിന്റെ പുനരവലോകനം

**ഖു**ർ,ആനിക ഭാഷ്യത്തിൽ ഇസ്ലാമിന് രണ്ട് പ്രധാന ഘടകമാണുള്ളത്. 1, മതം (ദീൻ). 2, ശരീഅത്ത് (നിയമം).

ദീൻ പരിപൂർണ്ണമായും പൂർത്തീകരിക്കപ്പെട്ടതിനാൽ അതിലൊരു ചെറിയ മാറ്റം പോലും ഉണ്ടാവില്ല. സാഹചര്യം എന്തായാലും വിശ്വാസികൾ ഏകദൈവത്തിൽ വിശ്വസിക്കുകയും അവനെ മാത്രം ആരാധിക്കുകയും വേണം. എന്നാൽ, നിയമങ്ങൾ സ്ഥല, കാലോചിതമായി മാറിയേക്കാം.

ദീനിന്റെ കാര്യത്തിൽ ഖുർ,ആൻ പ്രസ്താവിക്കുന്നത് കാണുക: "നൂഹിനോട് നാം കല്പിച്ചതും താങ്കൾക്ക് നാം ബോധനം നല്കിയതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോട് നാം അനുശാസിച്ചതുമായ സംഗതി, 'മതത്തെ നിങ്ങൾ നേരാം വിധം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കരുത്' എന്ന കാര്യം നിങ്ങൾക്കവൻ മത നിയമമായി നിശ്ചയിച്ചിരിക്കുന്നു." (42: 13)

അതേ സമയം, വിവിധ പ്രവാചകന്മാർക്ക് ഇറക്കപ്പെട്ട ശരീ,അത്ത് വ്യത്യസ്തങ്ങളായിരുന്നുവെന്ന് ഖുർ,ആൻ തന്നെ വിശദീകരിക്കുന്നു: "നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും മാർഗ്ഗവും നാം നിശ്ചയിച്ചുതന്നിരിക്കുന്നു. അല്ലാഹു ഇച്ഛിച്ചിരുന്നുവെങ്കിൽ അവൻ നിങ്ങളെ ഒരൊറ്റ സമുദായമാക്കുമായിരുന്നു. പക്ഷെ, നിങ്ങൾക്കവൻ നല്കിയതിൽ നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടിയാണ് (അവൻ അങ്ങനെ ചെയ്യാതിരുന്നത്). അതി

നാൽ, സുകൃതങ്ങളിൽ നിങ്ങൾ മത്സര ബുദ്ധിയോടെ മുന്നേറുക. അല്ലാഹുവിങ്കലേക്കത്രെ നിങ്ങളുടെയെല്ലാം മടക്കം. നിങ്ങൾ ഭിന്നിച്ച കാര്യങ്ങളെക്കുറിച്ച് അപ്പോൾ നിങ്ങൾക്കവൻ വിശദീകരിച്ചുതരുന്നതാണ്." (5: 48)

ഇസ്ലാമിന്റെ ബാഹ്യ ഘടനയായ ശരീ,അത്തും വിവിധ പ്രവാചകന്മാരുടെ രീതിയായ മിൻഹാജും ഓരോ പ്രവാചകനിലും വിഭിന്നമാണ്. പക്ഷെ, ഭാഗികമായി മാത്രം, മൊത്തത്തിൽ എന്ന അർത്ഥത്തിലല്ല. അങ്ങനെയുള്ള മാറ്റങ്ങൾ ഓരോ പ്രവാചകനെയും പ്രതിയല്ല, മാറിയ സാഹചര്യം മൂലമാണ്. ഓരോ പ്രവാചകന്റെയും മിൻഹാജും ശരീഅത്തും അവർ ജീവിച്ച കാലവും സാഹചര്യവും പരിഗണിച്ചായിരുന്നു. ഒരു പ്രത്യേക വ്യക്തിയെയോ പ്രത്യേക പ്രവാചകനെയോ പ്രതിയായിരുന്നില്ല, പ്രായോഗിക ബുദ്ധിക്കനുസരിച്ചാണ് ആ മാറ്റങ്ങൾ. അതുകാരണമാണ് ശരീഅത്തിന്റെ തത്വങ്ങൾ ഇന്നും സാധുവാകുന്നത്.

ശരീഅത്തിന്റെയും മിൻഹാജിന്റെയും ഭാഗികമോ താത്കാലികമോ ആയ സാഹചര്യങ്ങൾക്കനുസരിച്ചുള്ള മാറ്റങ്ങളുടെ ആ തത്വം യഥോചിതം സ്വീകരിക്കപ്പെടുന്നു. ആ മാറ്റങ്ങൾ ആദ്യ ഘട്ടത്തിൽ പ്രവാചകന്മാരിലൂടെയായിരുന്നെങ്കിൽ, ഇപ്പോൾ മുസ്ലീം ഗവേഷകർ നടത്തുന്ന ഇജ്തിഹാദിലൂടെയാണ് പരിഷ്കരണങ്ങൾ വരുത്തുന്നത്.

യഥാർത്ഥത്തിൽ ആ ദൗത്യം ശരീ,അത്തിൽ എന്തെങ്കിലും മാറ്റം വരുത്തുക എന്നതിന്റെ പര്യായമല്ല. മറിച്ച്, മാറിയ സാഹചര്യത്തിലെ ശരീ,അത്തിന്റെ പുനഃപ്രയോഗം മാത്രമാണ്. ആ പുനഃപ്രയോഗം നടപ്പാക്കുക എന്നത് പുരാതന കാലത്തെപ്പോലെത്തന്നെ ആധുനിക യുഗത്തിലും തുടരുന്നു. അപ്രകാരം തുടരെയുള്ള ക്രമീകരണത്തിലൂടെയാണ് ഇസ്ലാം അതിന്റെ നിത്യനൂതനത്വം കാത്തുസൂക്ഷിക്കുന്നത്.

# ദ,അവത്ത്

പ്രവാചക ദൗത്യത്തിന്റെ തുടർച്ചയായുള്ള മൂന്നാമത്തെ അനിവാര്യതയാണ് ദ,അവാ പ്രവർത്തനം. അതായത്, പ്രവാചക സന്ദേശം എല്ലാ കാലത്തുമുള്ള എല്ലാവരിലും എത്തിക്കുക എന്നത്.

ആ ദ,അവാ പ്രവർത്തനം പ്രത്യക്ഷത്തിൽ മനുഷ്യരാണ് നിർവ്വഹിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ അതൊരു ദൈവിക ദൗത്യമാണ്. അതുകൊണ്ടാണ് ഖുർ,ആൻ അതിനെ ദൈവത്തെ സഹായിക്കലെന്ന് പരിചയപ്പെടുത്തിയത്. ( 3: 52).

ഖുർ,ആന്റെ ഭാഷയിൽ ദ,അവാ പ്രവർത്തികൊണ്ട് അർത്ഥമാക്കുന്നത് വിശ്വസ്തനും സർവ്വർക്കും നന്മ കാംക്ഷിക്കുന്നവനുമാകുകയാണ്. (7: 68)

ചുരുക്കത്തിൽ, അല്ലാഹുവുമായുള്ള ബന്ധത്തിൽ പരിപൂർണ്ണമായും സത്യസന്ധനാവുക, സഹ സൃഷ്ടികളോട് പരിപൂർണ്ണമായും നിസ്വാർത്ഥമായും ഗുണകാംക്ഷയും നന്മയുമുള്ളവനാവുക. ആ നിലവാരം പ്രാപിച്ചാലേ ദ,അവാ പ്രവർത്തനം യഥാവിധി നിർവ്വഹിക്കാൻ കഴിയൂ. ദ,അവാ പ്രവർത്തനത്തിന്റെ ഒരു പ്രധാന നിബന്ധന ക്ഷമയാണ്. ആദ്യകാല ദാ,ഇമാർ ആ നന്മ ജീവിതത്തിൽ പകർത്തിയതിന് തികവുറ്റ മാതൃകയാണ്: “ഞങ്ങൾക്ക് നേരിടുന്ന ക്ലേശങ്ങൾ പരിഗണിക്കാതെതന്നെ ഞങ്ങൾ സഹനം പാലിക്കും.” (14: 12).

ദാ,ഇയുടെ വ്യക്തിത്വം എന്തെന്ന് ആ സൂക്തം നമ്മോടുപറയുന്നു. പ്രബോധനത്തിന്റെ കാര്യത്തിൽ ദാ,ഇ ഏകപക്ഷീയമായി ക്ഷമിക്കുക എന്ന നിലപാട് സ്വീകരിക്കുന്നു. മറ്റേ കക്ഷിയിൽ നിന്ന് എന്തുതന്നെ പ്രകോപനമുണ്ടായാലും ദാ,ഇ സമാധാനപരമായ രീതിയിൽ തന്റെ ദ,അവാ പ്രവർത്തനവുമായി മുന്നോട്ടുപോകുന്നു. അത് അങ്ങേയറ്റം അത്യന്താപേക്ഷിതമായ നിബന്ധനയാണ്. ദാ,ഇ പ്രബോധിതന്റെ പെരുമാറ്റത്തിൽ പ്രകോപിതനാവുകയാണെങ്കിൽ ദാ,ഇയും മദ്,ഊവും തമ്മിലുള്ള സാധാരണ അന്തരീക്ഷം കലുഷമാകും. ദ,അവാ പ്രവർത്തനമെന്ന മുഴു പ്രക്രിയയും നാശത്തിലാകുകയും ചെയ്യുന്നു. ദ,അവാ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ അനുകൂലമായ സാഹചര്യം വേണമെന്ന കാര്യം പറയേണ്ടതില്ലല്ലോ.

ദ,അവാ പ്രവർത്തനത്തിലെ സുപ്രധാന കാര്യം അതിലൂടെ എല്ലാ പ്രായത്തിലെയും എല്ലാവർക്കും അല്ലാഹുവിന്റെ സന്ദേശം എത്തിക്കണമെന്നതാണ്. ഒട്ടും പ്രാധാന്യം കുറയാത്ത മറ്റൊരു വശം, എല്ലാ തലത്തിലെയും ജനം ഇസ്‌ലാമിലേക്ക് വരുന്നത് തുടരട്ടെ എന്നതാണ്. അത് വിശ്വാസിക്ക് പുതു രക്തം നല്കുന്നതിന് തുല്യമാണ്. അതിലൂടെ മുസ്‌ലീം സമൂഹം ജീർണ്ണതക്ക് വിധേയമാകാതെ സ്വയം രക്ഷിക്കപ്പെടും. എല്ലാ കാലത്തും മുസ്‌ലീം സമൂഹത്തെ സജീവമായി നിലനിർത്താനുള്ള ഏക ഉപാധി അതാണ്. ദ,അവാ പ്രവർത്തനത്തിലൂടെ ലോകമെങ്ങും ഇസ്‌ലാമിക സന്ദേശം കൂടുതൽ വലിയ വൃത്തത്തിലേക്ക് വ്യപിക്കുമ്പോൾ അതിന്റെ വേദപരവും ആദർശ്ശ പരവും പ്രായോഗികവുമായ സംരക്ഷണം ഉറപ്പാക്കപ്പെടുന്നു. പുതുതായി തുടക്കം കുറിച്ച മനസ്സുകളുടെ നവോത്ഥാനത്താലും പ്രതിഭകളാലും ഇസ്‌ലാമിന് കൂടുതൽ നേട്ടം വരും. വരും തലമുറക്ക് വേണ്ടി അതിന്റെ ശിക്ഷണങ്ങൾ പുതുക്കിവെക്കുന്ന ഘടകമാണത്.

*

മൗലാനാ
വഹീദുദ്ദീൻ ഖാൻ



# ഇസ്‌ലാമിക പ്രവർത്തനം

പ്രതികൂല സാഹചര്യങ്ങളിൽ നിയന്ത്രണം പാലിക്കുകയും നിഷേധാത്മകമായ പ്രതികരണങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നതിലൂടെയാണ് ഇസ്‌ലാമിക പ്രവർത്തനത്തിന്റെ അടിസ്ഥാന നിയമങ്ങൾ രൂപപ്പെടുന്നത്. പ്രതിപ്രവർത്തനത്തിന്റെയും തിരിച്ചടിക്കുന്നതിന്റെയും പാത ഒഴിവാക്കി യാഥാർത്ഥ്യ ബോധത്തെ അടിസ്ഥാനമാക്കിയാണ് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്.

Goodword Books Kerala
Price: Rs. 40

CamScanner